*ഹയർസെക്കൻഡറി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ്ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ തിരുവനന്തപുരം 1*

*നം. ഐ.സി.റ്റി. സെൽ/01/2009/എച്ച്.എസ്.ഇ* *ഫെബ്രുവരി 6, 2010*

# സർക്കുലർ
## ഐ.സി.റ്റി. ടൂൾ പരിശീലനം

സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിൽ ഐ.സി.റ്റി. ഇൻ സ്കൂൾ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പദ്ധതിയുടെ നിർവ്വഹണം നടക്കുന്നത് ഐ.റ്റി. അറ്റ് സ്കൂളിന്റെ ചുമതലയിലാണ്. സ്കൂളുകളിൽ അടിസ്ഥാന ഐ.ടി. സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം ഐ.സി.റ്റി. ടൂളുകൾ ഉപയോഗിച്ചുള്ള അധ്യാപനരീതിയും പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തുകയാണ്. വിവിധ കേന്ദ്രങ്ങളിൽ ഐ.സി.റ്റി. ടൂളുകൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങൾ നടന്നുവരുന്നു. മടപ്പള്ളി ഗവൺമെന്റ് കോളേജിലെ ഫിസിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഹയർസെക്കൻഡറി തലത്തിലെ ഫിസിക്സ്, മാത്തമറ്റിക്സ്, കെമിസ്ട്രി വിഷയങ്ങൾക്ക് വേണ്ടിയുള്ള ഐ.സി.റ്റി. ടൂളുകളുടെ പരിശീലനം ഫെബ്രുവരി 9,10,11 തീയതികളിലായി മടപ്പള്ളി ഗവൺമെന്റ് കോളജിൽവച്ച് നടക്കുകയാണ്. കോഴിക്കോട് ജില്ലയിലെ 10001 മുതൽ 10055 വരെ സ്കൂൾ കോഡുള്ള സ്കൂളുകളിൽ നിന്ന് ഒരു സ്കൂളിൽ നിന്ന് ഒരു വിഷയത്തിന് ഒരാൾ എന്ന രീതിയിൽ പരിശീലനപരിപാടിയിൽ നിർബന്ധമായി പങ്കെടുക്കേണ്ടതാണ്. പരിശീലനതീയതിയും ബ്രാക്കറ്റിൽ വിഷയങ്ങളും: ഫെബ്രുവരി 9(ഫിസിക്സ്), ഫെബ്രുവരി 10 (മാത്തമറ്റിക്സ്), ഫെബ്രുവരി 11(കെമിസ്ട്രി). പരിശീലനദിവസം രാവിലെ 9.30ന് അധ്യാപകർ പരിശീലനകേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യണം. ഐ.സി.റ്റി. സ്കീമിന്റെ ഭാഗമായി സ്കൂളുകളിൽ ലഭിച്ച ലാപ്ടോപ് പരിശീലനത്തിനെത്തുന്ന അധ്യാപകർ നിർബന്ധമായികൊണ്ടുവരേണ്ടതാണ്. വിശദാംശങ്ങൾക്ക് 9447217092, 9446831010 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടുക.

ഡയറക്ടർ